**നാഷണൽ ന്യൂട്രിഷൻ മിഷൻ - സ്റ്റേറ്റ് പ്രൊജക്റ്റ് ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**(ഹാജർ: ശ്രീമതി അനുപമ റ്റി വി IAS)**

================================================================

വിഷയം : വനിത ശിശു വികസന വകുപ്പ് - നാഷണൽ ന്യൂട്രിഷൻ മിഷൻ- പോഷകാഹാരവാരം / മാസാചരണം സംബന്ധിച്ച്.

സൂചന : 1. ദേശീയ പോഷകാഹാരവാരം – 2021.

2. D.O.No. PA/174/2021 + US (MKS), Dated:- 26.08.2021

================================================================

**ഉത്തരവ് നമ്പർ - WCD/S/NNM2/103/2021 തീയതി: 31.08.2021**

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ,സെപ്റ്റംബർ ഒന്നുമുതൽ ഏഴുവരെ ദേശീയ പോഷകാഹാരവാരം കേരളത്തിൽ ഐ.സി.ഡി.എസ് പദ്ധതിയുടെ ഭാഗമായി വർഷങ്ങളായി ആചരിച്ചു വരുന്നു. നാഷണൽ ന്യട്രീഷൻ മിഷൻ പോഷൻ അഭിയാന്റെ കീഴിൽ കഴിഞ്ഞ കുറച്ച് വർഷങ്ങളായി, പോഷകാഹാര വാരാചരണം 2021 സെപ്റ്റംബർ മാസം മുഴുവൻ POSHAN MAAH ആചരിക്കുന്നതിനുള്ള നിരവധി പദ്ധതികൾ ചെയ്തു വരുന്നു. POSHAN MAAH യോട് അനുബന്ധിച്ച് താഴെ പറയുന്ന പ്രവർത്തങ്ങൾ നടത്തേണ്ടതാണ്.

1. എല്ലാ പ്രോഗ്രാം ഓഫീസർമാരും ജില്ലാതലത്തിൽ താഴെ പറയുന്ന വിഷയങ്ങളിൽ വെബിനാർ സംഘടിപ്പിക്കേണ്ടതാണ്.

- കുട്ടികളുടെ ഇടയിൽ മൈക്രോ ന്യൂട്രിയന്റുകളും മാക്രോ ന്യൂട്രിയന്റുകളുടെ അഭാവംമൂലം ഉണ്ടാകുന്ന രോഗങ്ങൾ എന്ന വിഷയത്തിൽ വെബ്ബിനാർ സംഘടിപ്പിക്കുക.
- കൗമാരക്കാർക്കിടയിൽ വിറ്റാമിൻ-ഡി-യുടെ കുറവും അമിതവണ്ണവും പരിഹരിക്കുന്നതിൽ വ്യായാമത്തിന്റെ പ്രാധാന്യം.
- നാരടങ്ങിയ (Fibre) ഭക്ഷ്യ പദാർത്ഥങ്ങളുടെ പ്രാധാന്യവും അവ ആരോഗ്യത്തെ എങ്ങനെ സഹായിക്കുന്നു എന്നതിനെ കുറിച്ച്.
- AYUSH വകുപ്പുമായി സഹകരിച്ച് ഗർഭിണികൾക്കും മുലയൂട്ടുന്ന സ്ത്രീകൾക്കും ആവശ്യമായ പോഷകാഹാരത്തെക്കുറിച്ച് ഒരു വെബിനാർ നടത്തുക.

- ഓരോ കാലഘട്ടത്തിലും ലഭ്യമാകുന്ന പഴങ്ങളുടെയും പച്ചക്കറികളുടെയും ( Seasonal fruits and Vegetables) സ്വഭാവിക ഗുണം നിലനിർത്തിക്കൊണ്ടു തന്നെ അവ എങ്ങിനെ ഉപയോഗിക്കാമെന്നും ഭാവിയിലേക്ക് എങ്ങിനെ കരുതി വയ്ക്കാം എന്ന വിഷയം ആസ്പദമാക്കി വെബ്ബിനാർ സംഘടിപ്പിക്കേണ്ടതാണ് (Food processing and food preservation technique). ഇത് കൂടാതെ പ്രോഗ്രാം ഓഫീസർമാർ അനുബന്ധ വിഷയങ്ങൾ വെബ്ബിനാർ നടത്തേണ്ടതാണ്. റിസോഴ്സ് പേഴ്സൺമാർക്ക് ഓണറേറിയം നൽകേണ്ടതാണ്. ആയതിന് ആകെ ഒരു ജില്ലയ്ക്കു 15000/- രൂപ (പതിനയ്യായിരം രൂപ മാത്രം ) നൽകും. ഈ ആവശ്യത്തിനായി 2,10,000/- രൂപ (രണ്ടു ലക്ഷത്തി പതിനായിരം രൂപ മാത്രം ) അനുവദിക്കുന്നതാണ്. ഈ തുക NNM ന്റെ IEC കമ്പോണന്റിൽ വകയിരിത്തിയിട്ടുള്ള ഫണ്ടിൽ നിന്ന് വിനിയോഗിക്കാവുന്നതാണ്

2. **Nutritious Budget Menu Challenge.**

ഐ.സി.ഡി.എസ് സ്കിമിന്റെ കീഴിലുള്ള എല്ലാ ഐസിഡിഎസ് പ്രോജെക്ടുകളിലും ഓൺലൈൻ ബജറ്റ് മെനു മത്സരം നടത്തേണ്ടതാണ്.

3. ഓരോ ഐ.സി.ഡി.എസ്സിലെയും 3 ന്യൂട്രിഷനിസ്റ്റുമാരെ ടി മത്സരത്തിന്റെ വിധികർത്താക്കളായി നിയോഗിക്കാം.

- ബജറ്റ് മെനു മത്സരത്തിനുള്ള ചെലവ് താഴെ പറയുന്ന പ്രകാരം നൽകാവുന്നതാണ്.

  ഐ.സി.ഡി.എസ് തലത്തിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് 1500/- രൂപയും രണ്ടാം സ്ഥാനം നേടുന്നവർക്ക് 1000/- രൂപയും മൂന്നാം സ്ഥാനം നേടുന്നവർക്ക് 500/- രൂപയും നൽകാവുന്നതാണ്. ഓരോ ഐ.സി.ഡി.എസ്സിലെയും വിധികർത്താക്കളായ ന്യുട്രീഷനിസ്റ്റുമാർക്ക് ഹോണറേറിയം ഇനത്തിൽ( 600x3) = 1,800/-(ഒരു ന്യൂട്രിഷനിസ്റ്റിനു 600/- രൂപ) എന്ന നിരക്കിൽ നൽകാവുന്നതാണ്. അതായതു ഒരു ഐ.സി.ഡി.സിനു 4,800/- രൂപയും, സംസ്ഥാനത്തെ 258 ICDS കൾക്കായി × 4800=12,38,400/- എന്ന നിരക്കിലും ആയിരിക്കും.

4. കോവിഡ് -19 മഹാമാരി കാരണം പോഷകാഹാര നിലയും വളർച്ചാ നിരീക്ഷണവും അങ്കണവാടി തലത്തിൽ കൃത്യമായും സമയബന്ധിതമായും നിരീക്ഷിക്കാൻ കഴിയുന്നില്ല, ഇത് ഐ.സി.ഡി.എസിന് കീഴിൽ നടത്തേണ്ട ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനങ്ങളിലൊന്നാണ്. കുട്ടികൾക്കിടയിലെ വളർച്ചാ മുരടിപ്പ്, തൂക്കക്കുറവ്, പോഷണക്കുറവ്, ശോഷിപ്പ്, ന്യൂനപോഷണം അനുബന്ധ ആരോഗ്യപ്രശ്നങ്ങൾ എന്നിവ സമയബന്ധിതമായി തിരിച്ചറിയുകയും റഫറൽ സേവനം ഉറപ്പുവരുത്തുകയും ചെയ്യുക എന്നത് സമ്പുഷ്ട കേരളം പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്. NFHS-5 സർവേയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, കുട്ടികളിലും സ്ത്രീകളിലും പോഷകാഹാരക്കുറവും അനീമിയയും നിയന്ത്രിക്കുന്നതിന് ഇത് അത്യന്താപേക്ഷിതമാണ്.

അതിനാൽ എല്ലാ കോവിഡ്-19 മാനദണ്ഡങ്ങളും പാലിച്ച് അങ്കണവാടി പ്രവർത്തകർ അവരുടെ ജോലിയുടെ ഭാഗമായി 18 വയസ്സിന് താഴെയുള്ള കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഭവന സന്ദർശനം നടത്തുകയും ഉയരം, ഭാരം അളക്കലും മറ്റ് അനുബന്ധ വിവരങ്ങളും ശേഖരിക്കുന്നത് പോഷണ മാസാചരണത്തിന്റെ ഭാഗമായി യുദ്ധകാല അടിസ്ഥാനത്തിൽ നടത്തേണ്ടതാണ് .

അതിനാൽ സെപ്റ്റംബർ 8 മുതൽ സെപ്റ്റംബർ 20 വരെ, പോഷകാഹാരനിലയും വളർച്ചാനിരീക്ഷണ നടപടികളും നടത്തേണ്ടതുണ്ട്. ഈ കാലയളവിൽ ഇനിപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

A. അങ്കണവാടി വർക്കർമാർ ഭവനസന്ദർശനം നടത്തുമ്പോൾ തൂക്കം അളക്കുന്നതിന് ഡിജിറ്റൽ വെയിങ് സ്കെയിൽ ഉപയോഗിക്കേണ്ടതാണ്. WCD/NNM1/27603/2018 തീയതി 20.08.2020) എന്ന നടപടിക്രമത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള മാർഗനിർദ്ദേശപ്രകാരമാണ് തൂക്കം എടുക്കേണ്ടത് . അങ്കണവാടി വർക്കർ കോവിഡ് മാനദണ്ഡം പാലിച്ചു വേണം തൂക്കവും മറ്റ് വിവരങ്ങളും ശേഖരിക്കാൻ. ഗുണഭോക്താവിന്റെ തൂക്കം നോക്കുമ്പോൾ കുടുംബാംഗങ്ങളിൽ ഒരാളെ കൊണ്ട് തൂക്കം നോക്കി പറയിപ്പിക്കണം. അങ്കണവാടി ജീവനക്കാർ കുടുംബാംഗം

രേഖപ്പെടുത്തിയ തൂക്കം ശരിയായ അളവാണോ എന്ന് ഉറപ്പുവരുത്തേണ്ടതും, എങ്ങനെ ശരിയായ രീതിയിൽ തൂക്കം എടുക്കാം എന്നും കൃത്യമായി പറഞ്ഞു കൊടുക്കേണ്ടതുമാണ്.

B. കോവിഡ്-19 മഹാമാരി കാരണം അങ്കണവാടിയിൽ വന്ന് ഉയരം എടുക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ സ്റ്റേഡിയോമീറ്റർ ഉപയോഗിക്കാൻ സാധ്യമല്ല. ആയതിനാൽ താഴെ പറയുന്ന പ്രകാരം അങ്കണവാടി ജീവനക്കാർ ഭവനസന്ദർശനം നടത്തി ഉയരം അളക്കേണ്ടതാണ്, ആയതിനാവശ്യമായ സാധന സാമഗ്രഹികൾ ഇവയാണ്.

- വാങ്ങേണ്ട വസ്തുക്കൾ :- White Twine/ Jute Twine (ചണം), ഒരു കത്രിക, സെല്ലോ ടേപ്പ്, ഗുണഭോക്താവിന്റെ പേരും വിലാസവും ലേബൽ ചെയ്യുന്നതിനുവേണ്ടിയുള്ള വെള്ള പേപ്പർ, അങ്കണവാടി ജീവനക്കാർക്കുള്ള കയ്യുറകൾ. (ഈ പ്രക്രിയ ഒരു സാമൂഹ്യാധിഷ്ഠിത പരിപാടിയായി നടത്തുന്നതിനാൽ ഒരു അങ്കണവാടി സെന്ററിന് 250/- രൂപ നിരക്കിൽ CBE - കമ്പോണന്റിൽ വകയിരുത്തിയിട്ടുള്ള ഫണ്ടിൽ നിന്നും നൽകാവുന്നതാണ്. ആകെ 250 X 33115 = 82,78,750/- രൂപ അനുവദിക്കാവുന്നതാണ്.)
- (A) ഗുണഭോക്താവിന്റെ ഗൃഹസന്ദർശനവും ഉയരം അളക്കുന്നതും

  അളക്കുന്ന കുട്ടിയുടെ അല്ലെങ്കിൽ സ്ത്രീയുടെ ഏകദേശ ഉയരത്തേക്കാൾ കൂടുതൽ നീളമുള്ള ചണമോ വെള്ള നിറത്തിലെ നൂലോ മുറിക്കുക.

  (B) ചരട് കുടുംബത്തിലെ ഒരാൾക്ക് കൈമാറുക, ഉയരം അളക്കാൻ ഉദ്ദേശിക്കുന്ന കുട്ടിയെ/സ്ത്രീയെ ഒരു ചുമരിനോട് നേരെ ശരിയായി നിർത്താൻ അവരോട് അഭ്യർത്ഥിക്കുക.

  (C) വ്യക്തിയുടെ കൈവശമുള്ള ചരടുപയോഗിച്ച് ഗുണഭോക്താവിന്റെ മുഴുവൻ നീളവും എടുക്കാൻ കഴിയുന്ന ഒരു ചരട് പിടിക്കാൻ കുടുംബാംഗത്തോട്

അഭ്യർത്ഥിക്കുക, ഉയരം കണക്കാക്കി ചരട് മുറിക്കാൻ ആവശ്യപ്പെടുക,.

(D) അങ്കണവാടി വർക്കർ ഗുണഭോക്താവിന്റെ പേരും വിലാസവും എഴുതിയ ഒരു ലേബൽ കുടുംബങ്ങൾക്ക് കൈമാറുകയും തുടർന്ന് ട്വൈനിൽ ലേബൽ ഒട്ടിക്കാൻ ബന്ധുവിനോട് അഭ്യർത്ഥിക്കുകയും ചെയ്യുക .

(D) ലേബൽ ട്വൈനിൽ ഘടിപ്പിച്ച ശേഷം അങ്കണവാടി വർക്കറുടെ കൈവശമുള്ള ബാഗിൽ ഇടുക.

(E) മേൽ പറഞ്ഞ പ്രകാരം ട്വൈനുകൾ ശേഖരിച്ചതിനു ശേഷം അങ്കണവാടി ജീവനക്കാർ അങ്കണവാടിയിൽ വച്ച് കയ്യുറകൾ ധരിച്ചു നൂലിന്റെ നീളം ടേപ്പ് ഉപയോഗിച്ച് അളക്കുക. ശേഷം ഗുണഭോക്താവിന്റെ പേരും മേൽവിലാസവും എഴുതിയ മറ്റൊരു ഷീറ്റിൽ അളവ് രേഖപ്പെടുത്തുക.

(F)ഗർഭിണികളുടെ ഉയരവും തൂക്കവും അളക്കുന്നതിന്റെ കൂടെ തന്നെ ഗുണഭോക്താവിന്റെ അവസാന ആർത്തവ തീയതി, പ്രതീക്ഷിക്കുന്ന പ്രസവ തീയതി, ഹീമോഗ്ലോബിന്റെ അളവ് എന്നിവ കൂടി രേഖപ്പെടുത്തുക.

(G) ഭവന സന്ദർശനം നടത്തുമ്പോൾ എല്ലാ ഗുണഭോക്താക്കളുടെയും കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ കഴിച്ച ഭക്ഷണത്തിന്റെ ക്രമം ഗുണഭോക്താവിനോട് ചോദിച്ചു രേഖപ്പെടുത്തുക.

(G) ശേഖരിച്ച എല്ലാ വിശദാംശങ്ങളും നൽകുന്ന ഗൂഗിൾ ഷീറ്റ് ഫോർമാറ്റിൽ ഓൺലൈനായി രേഖപ്പെടുത്തേണ്ടതാണ്.( ഫോർമാറ്റും ലിങ്കും വകുപ്പിൽ നിന്നും നൽകുന്നതാണ്) മേൽ പറഞ്ഞ കാര്യങ്ങൾ സെപ്റ്റംബർ 08 മുതൽ 20 വരെ നടത്തി പൂർത്തിയാക്കേണ്ടതാണ്.

5. മുലയൂട്ടൽ പ്രോത്സാഹിപ്പിക്കുന്നതിനായി: മുലയൂട്ടൽ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഉള്ള പ്രാരംഭ നടപടികൾ ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു. ഇതിനായി ഓരോ ജില്ലയ്ക്കും 2,00,000/- രൂപ

നിരക്കിൽ പ്രോഗ്രാം ഓഫീസർക്ക് നൽകും. മുലയൂട്ടുന്ന അമ്മമാർക്ക് സുരക്ഷിതവും ടി സേവനം വിനിയോഗിക്കാൻ പറ്റുന്നതുമായ സ്ഥലങ്ങൾ (ഏറ്റവും ചുരുങ്ങിയത് 2) തെരഞ്ഞെടുത്ത് മുലയൂട്ടൽ കേന്ദ്രങ്ങൾ 2021 സെപ്റ്റംബർ 30 ന് അകം സ്ഥാപിക്കേണ്ടതാണ്. ടി കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് സ്റ്റോർ പർച്ചേയ്സ് / മറ്റു നിലവിലെ സർക്കാർ ഉത്തരുവുകൾ പാലിച്ച് ആയിരിക്കണം .

6. സെപ്റ്റംബർ മാസത്തിൽ എല്ലാ അങ്കണവാടികളിലും പോഷകാഹാര തോട്ടം സ്ഥാപിക്കേണ്ടതാണ്. അങ്കണവാടി വർക്കറുടെയും അങ്കണവാടി ഹെൽപ്പറുടെയും ഉത്തരവാദിത്തമാണ് പോഷകാഹാരത്തോട്ടം നട്ടുപിടിപ്പിക്കുകയും അത് പരിപാലനം ചെയ്യുന്നതും.
7. അങ്കണവാടിതലത്തിലും / ഐ.സി.ഡി.എസ് സെക്ടർ തലത്തിലും സെപ്റ്റംബർ ഒന്ന് മുതൽ സെപ്തംബർ 7 വരെ നടക്കുന്ന പോഷകാഹാര വാരത്തിൽ എല്ലാ അങ്കണവാടി ജീവനക്കാർ രക്ഷിതാക്കൾക്കും കുട്ടികൾക്കും പൊതുജനങ്ങൾക്കും താഴെ പറയുന്ന ഓൺലൈൻ പോഷകാഹാര ബോധവൽക്കരണ പരിപാടികൾ നടത്തേണ്ടതാണ്.

a. കുട്ടികൾക്ക് Weaning food & Complementary food ന്റെ Online Demonstration നടത്തി രക്ഷിതാക്കൾക്ക് ബോധവൽക്കരണം നൽകുക.

**b. Budget Menu വിനെ കുറിച്ച് ചർച്ച സംഘടിപ്പിക്കുക.**

പരിമിതമായ തുക ഉപയോഗിച്ച് നാലംഗ കുടുംബത്തിന് വേണ്ടുന്ന ഭക്ഷണം (സമീകൃതാഹാരം) എങ്ങനെ തയ്യാറാക്കാം എന്നത് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്നതാണ് ഈ ചലഞ്ചു കൊണ്ട് ഉദ്ദേശിക്കുന്നത്. ഗൂഗിൾ മീറ്റ് വഴി സ്ത്രീകൾക്കും പുരുഷന്മാർക്കും പരിമിതമായ തുക ഉപയോഗിച്ച് എങ്ങനെ ഭക്ഷണം (സമീകൃതാഹാരം) തയ്യാറാക്കാമെന്ന് ചർച്ചകൾ നടത്തേണ്ടതാണ്. സി ഡി പി ഓ മാരും ഐ സി ഡി എസ് സൂപ്പർവൈസർമാരും അങ്കണവാടി പ്രവർത്തകർക്ക് ഈ Budget Menu Challenge എങ്ങിനെ നടത്തണം എന്നുള്ള വിശദമായ നിർദ്ദേശം നൽകേണ്ടതാണ്. ഇതിനു വേണ്ട സാങ്കേതിക സഹായങ്ങൾ NNM ജീവനക്കാർ നൽകേണ്ടതാണ്( Google meet links, Screenshot തുടങ്ങിയവ).

c. മാക്രോ, മൈക്രോ ന്യൂട്രിയന്റുകളുടെ കുറവ് കാരണം ഉണ്ടാകുന്ന അസുഖങ്ങളെ കുറിച്ച് സെക്ടർ തലത്തിൽ കമ്മ്യൂണിറ്റി ഹെൽത്ത്

സെന്ററർ അല്ലെങ്കിൽ പ്രാഥമികാരോഗ്യ കേന്ദ്രം ഡോക്ടർമാരുടെ സേവനം ഉപയോഗിച്ച് പരമാവധി ഓൺലൈൻ സെഷനുകൾ സംഘടിപ്പിക്കാവുന്നതാണ്.

d. സെപ്റ്റംബർ 8 മുതൽ 20 വരെ നടത്തിയ വളർച്ചാ നിരീക്ഷണവും പോഷകാഹാര വിലയിരുത്തലും പൂർത്തിയാക്കിയ ശേഷം ആ കുട്ടികളിലെയും സ്ത്രീകളിലെയും പ്രത്യേകിച്ച് അമിത ഭാരക്കുറവുള്ള കുട്ടികൾ, അമിതമായ പോഷകാഹാരക്കുറവ് (SAM) അല്ലെങ്കിൽ മിതമായ പോഷകാഹാരക്കുറവ് (MAM) ഉള്ളവരുടെ ചെക്ക്-അപ്പ് നടത്തുകയും ആവശ്യമായ ഭക്ഷണം നൽകുന്നതിനും മറ്റ് ചികിത്സകൾക്ക് വിധേയമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി കുട്ടികളെയും ഗർഭിണികളെയും മുലയൂട്ടുന്ന അമ്മമാരെയും തുടർച്ചയായി നിരീക്ഷണം നടത്തേണ്ടതാണ്.

e. കൗമാരപ്രായത്തിലുള്ള കുട്ടികൾക്കിടയിലെ അമിതവണ്ണവും വിറ്റാമിൻ-ഡിയുടെ കുറവും പരിഹരിക്കുന്നതിനായി സൂര്യ നമസ്കാരം അടക്കമുള്ള വ്യായാമങ്ങൾ ഓൺലൈൻ ആയി ഉള്ള പരിശീലനം നൽകേണ്ടതാണ്. എല്ലാ സി.ഡി.പി.ഒ ഓഫീസുകളിലും, അങ്കണവാടികളിലും ഗൂഗിൾ മീറ്റ് വഴി സൂര്യ നമസ്ക്കാരം, വ്യായാമങ്ങൾ എന്നിവയെ കുറിച്ച് ഡെമോൺസ്ട്രേഷൻ ക്ലാസുകൾ നടത്തേണ്ടതാണ്. സൂര്യപ്രകാശം വിറ്റാമിൻ- ഡിയുടെ ഉൽപ്പാദനത്തെ എങ്ങനെ ഗുണകരരമാക്കുമെന്ന് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും കുട്ടികളിൽ വ്യായാമം ( Full Body Exercise) ലഭിക്കുന്നതിനുമാണ് ഇവ സംഘടിപ്പിക്കുന്നത്. സി.ഡി.പി.ഒ, സൂപ്പർവൈസർ, മറ്റ് വിദഗ്ദർ ഇതിനായി ആമുഖ പ്രസംഗത്തിൽ ഇതിന്റെ വിവരണം നൽകേണ്ടതാണ്.

f. 10 വയസ്സിന് താഴെയുള്ള കുട്ടികൾക്കും പ്രീ -സ്കൂൾ കുട്ടികൾക്കും അവർ കഴിക്കുന്ന ഭക്ഷണത്തെ കുറിച്ച് മനസിലാക്കുന്നതിന് വേണ്ടി "Know Your Food" എന്ന ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കാം.

9. **നുട്രീഷനിസ്റ്റുമാർക്ക് വേണ്ടി സമീകൃത Budget Menu മത്സരം.**

ഒരു നാലംഗ കുടുംബത്തിന് വേണ്ട സമീകൃതാഹാരം ( ദിവസം തിരിച്ച് 7 ദിവസത്തേക്കുള്ള Breakfast, Lunch, Dinner) തയ്യാറാക്കി സെപ്റ്റംബർ 20 ന് ലഭിക്കുന്ന വിധം നുട്രീഷനിസ്റ്റുമാർ വകുപ്പ് നൽകുന്ന ഇ മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്. ഇത് സംബന്ധിച്ച മറ്റു വിവരങ്ങൾ പ്രത്യേകം സർക്കുലർ ആയി നൽകുന്നതാണ്. മത്സര വിജയികൾക്ക് ഒന്നാം സമ്മാനം 5000/- രൂപ രണ്ടാം സമ്മാനം 3000/- രൂപ മൂന്നാം സമ്മാനം 1000/- രൂപ എന്ന രീതിയിൽ നൽകാം.

8. മേൽ പറഞ്ഞ പരിപാടികളിൽ ജില്ലാ കളക്ടർ , മറ്റു ജന പ്രതിനിധികൾ എന്നിവരുടെ പങ്കാളിത്തം പ്രോഗ്രാം ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

9. സൂചന (2) പ്രകാരം കേന്ദ്ര സർക്കാർ അനുശാസിക്കുന്ന പ്രകാരം പോഷണ മാസാചരണം പരിപാടികൾ സെപ്റ്റംബർ ഒന്ന് മുതൽ മുപ്പത് വരെ സംഘടിപ്പിക്കേണ്ടതാണ്. NNM ജീവനക്കാർ മേല്പറഞ്ഞ എല്ലാ പരിപാടികളും ജൻ ആന്തോളൻ ഡാഷ്ബോർഡിൽ അപ്‌ലോഡ് ചെയ്യുകയും വേണം. ടി പരിപാടിയുടെ റിപ്പോർട്ട് സി ഡി പി ഓ മാർ പ്രോഗ്രാം ഓഫീസർക്ക് നൽകുകയും, പ്രോഗ്രാം ഓഫീസർ ക്രോഡീകരിച്ച് വകുപ്പ് കാര്യാലയത്തിലേക്ക് പ്രവർത്തന റിപ്പോർട്ട് ആയി നൽകേണ്ടതുമാണ്.

**Sd/-**

**ഡയറക്ടർ**

**വനിത ശിശു വികസന വകുപ്പ്**

പകർപ്പ്

1. എല്ലാ ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2. എല്ലാ CDPO മാർക്കും
3. എല്ലാ ICDS Supervisor മാർക്കും

ഉത്തരവിൻ പ്രകാരം

ജോയിന്റ് ഡയറക്ടർ

S.N. SIVANYA
Joint Director
Women and Child Development Department
Thiruvananthapuram - 695012